വയനാട് ജില്ലയെ ട്രൈബൽ ജില്ലയാക്കുന്നതിന് നടപടി

4. [*4] ശ്രീ. കെ. സി. ജോസഫ് :
,, ടി. എൻ. പ്രതാപൻ :
,, പി. ടി. തോമസ് :
,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആദിവാസികൾ താമസിക്കുന്ന ജില്ല ഏതാണ് എന്നറിയിക്കുമോ;

(ബി) ആ ജില്ലയെ ട്രൈബൽ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) വയനാട്ടിലെ ആദിവാസികളുടെ രക്ഷയ്ക്കുവേണ്ടി വയനാട് ജില്ലയെ ഒരു ട്രൈബൽ ജില്ലയായി പ്രഖ്യാപിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ; ട്രൈബൽ ജില്ലയായി പ്രഖ്യാപിക്കുമ്പോൾ ആദിവാസികൾക്ക് എന്തെല്ലാം പ്രയോജനങ്ങൾ ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

പട്ടിക സമുദായ ക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) വയനാട് ജില്ല.

(ബി) ഇല്ല.

(സി) 2001-ലെ സെൻസസ് പ്രകാരം വയനാട് ജില്ലയിലെ ആകെ ജനസംഖ്യയുടെ 17.43 ശതമാനം പേരാണ് പട്ടിക വർഗ്ഗത്തിലുള്ളത്.

ഒരു ജില്ലയോ, പ്രദേശമോ ഇന്ത്യൻ ഭരണഘടനയുടെ V-ാം ഷെഡ്യൂൾ, ആർട്ടിക്കിൾ 244 (1) പ്രകാരം പട്ടികവർഗ്ഗ ഷെഡ്യൂൾഡ് ഏരിയാ ആയി പ്രഖ്യാപിക്കുന്നതിന് കുറഞ്ഞത് ആ പ്രദേശത്തെ ആകെ ജനസംഖ്യയുടെ 50 ശതമാനത്തിൽ കൂടുതൽ പേർ പട്ടികവർഗ്ഗക്കാരായിരിക്കണം. അതിനാൽ പ്രസ്തുത നിയമപ്രകാരം വയനാട് ജില്ലയെ പട്ടികവർഗ്ഗ ജില്ലയായി പ്രഖ്യാപിക്കുവാൻ കേന്ദ്ര സർക്കാരിൽ ശുപാർശ ചെയ്യാൻ കഴിയാത്ത സാഹചര്യമാണ്.

ഒരു ജില്ലയോ, താലൂക്കോ, ബ്ലോക്കോ ട്രൈബൽ ഏരിയാ ആയി പ്രഖ്യാപിക്കുമ്പോൾ ആ പ്രദേശത്തിന് താഴെ പറയുന്ന പ്രയോജനങ്ങൾ ലഭിക്കുന്നതാണ്.

1. പട്ടികവർഗ്ഗക്കാരുടെ ഭൂമി കൈമാറ്റത്തിൽ നിരോധനം.
2. പട്ടികവർഗ്ഗക്കാർക്ക് പണം കടം കൊടുക്കൽ വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ ആയിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

3. ട്രൈബൽ ഉപദേശക സമിതികൾ നിലവിൽ വരും.

4. 1996-ലെ പഞ്ചായത്ത് (എക്സ്റ്റൻഷൻ ഓഫ് ഷെഡ്യൂൾഡ് ഏരിയ) നിയമം ഷെഡ്യൂൾഡ് ഏരിയായിൽ ബാധകമാക്കുമ്പോൾ പ്രസ്തുത നിയമപ്രകാരമുള്ള പ്രത്യേക ആനുകൂല്യങ്ങളും ലഭ്യമാകും.

സ്ത്രീ പീഡന പെൺവാണിഭ കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനം

5. [*5] ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

,, പി. കെ. ശ്രീമതി ടീച്ചർ

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീ പീഡന-പെൺവാണിഭ കേസുകൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സ്ത്രീ പീഡന കേസുകളും പെൺവാണിഭ കേസുകളും കൈകാര്യം ചെയ്യുന്നതിന് പോലീസിൽ എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് നടന്ന ഏതെല്ലാം പെൺവാണിഭ സ്ത്രീ പീഡന കേസുകളെക്കുറിച്ചാണ് അന്വേഷണം നടക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഇ) ഏതെല്ലാം കേസുകളുടെ കുറ്റപത്രമാണ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സ്ത്രീ പീഡന-പെൺവാണിഭ കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും കുറ്റപത്രം സമർപ്പിക്കുന്നതിൽ കാലതാമസം നേരിടുന്നതുമൂലവും കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് നടന്ന പെൺവാണിഭ-സ്ത്രീപീഡന കേസുകളിൽ ഏതെല്ലാം കേസുകളിലെ പ്രതികളെ ശിക്ഷിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ഇത്തരം കേസുകൾ ചുരുക്കം ചില ജില്ലകളിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly